(സി) വാട്ടർ അതോറിറ്റി വെള്ളക്കര കുടിശ്ശികയെ കുറിച്ചുള്ള കണക്കുകൾ ഡിവിഷൻ തലത്തിലാണ് സൂക്ഷിക്കുന്നത്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) ഉദ്ദേശം 52 കോടി രൂപയോളം കുടിശ്ശിക പിരിഞ്ഞുകിട്ടുവാനുണ്ട്.

(ഇ) 31-5-2004-ലെ കണക്കു പ്രകാരം 43093.89 ലക്ഷം രൂപ വാട്ടർ അതോറിറ്റിക്ക് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടുവാനുണ്ട്. കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾക്ക് കുടിശ്ശിക തുക ഉടനെ അടച്ചുതീർക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നോട്ടീസുകൾ അതോറിറ്റിയുടെ ബന്ധപ്പെട്ട റവന്യൂ സെക്ഷൻ ഓഫീസുകളിൽ നിന്നും നൽകി വരുന്നു. ഭീമമായ കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ വിച്ഛേദിക്കാൻ നോട്ടീസ് നൽകിയും മാധ്യമങ്ങളിലൂടെ ഉപഭോക്താക്കളെ കുടിശ്ശിക അടയ്ക്കാൻ പ്രേരിപ്പിച്ചും സർക്കാർ സ്ഥാപനങ്ങളുടെ മേധാവികളുമായി ബന്ധപ്പെട്ടും കുടിശ്ശിക പിരിച്ചെടുക്കുവാനുള്ള ശ്രമം നടത്തിവരുന്നു.

(എഫ്) വാട്ടർ അതോറിറ്റി 1 ലിറ്റർ വെള്ളം വിതരണം ചെയ്യുന്ന വകയിൽ ചെലവാകുന്ന തുക ശരാശരി 0.86 പൈസയും അതിന്റെ വിലയായി ലഭിക്കുന്നത് ശരാശരി 0.35 പൈസയും ആയി കണക്കാക്കപ്പെട്ടിട്ടുണ്ട്.

## കൊല്ലം മലിനജല നിവാരണ പദ്ധതി

33 [3620] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മലിനജല നിവാരണ പദ്ധതി പൂർത്തീകരിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചു;

(ബി) പ്രസ്തുത പദ്ധതി ഏതു കാലയളവിൽ പൂർത്തീകരിക്കും;

(സി) ഈ പദ്ധതി മന്ദഗതിയിലാണ് പ്രവർത്തിക്കുന്നതെന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനുള്ള കാരണം വെളിപ്പെടുത്തുമോ;

(ഇ) ഈ പദ്ധതിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ?

## ഉത്തരം

(എ) കൊല്ലം സ്വീവറേജ് പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ ഭാഗികമായി പ്രവർത്തനക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ സോൺ അനുസരിച്ച് പണികൾ തുടങ്ങുവാൻ ആലോചിക്കുകയും അതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. കൂടാതെ, കിണറുകൾക്കും പമ്പ് ഹൗസുകൾക്കും വേണ്ടി എച്ച് ആന്റ് സി കോമ്പൗണ്ട്, വാടി, കരുമാലിൽ, ഇരുമ്പുപാലം എന്നീ സ്ഥലങ്ങളിൽ പൊന്നുംവിലയ്ക്ക് ഭൂമി എടുക്കുവാനും ആലോചിക്കുകയുണ്ടായി.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫണ്ടിന്റെയും സ്ഥലത്തിന്റെയും ലഭ്യത അനുസരിച്ച് നാലു വർഷം കൊണ്ട് പണി പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഉണ്ട്.

(ഡി) പദ്ധതിക്കാവശ്യമായ സ്ഥലവും ഫണ്ടും ലഭ്യമാകുന്നതിലുള്ള ബുദ്ധിമുട്ടുകൾ കാരണമാണ് പദ്ധതി മന്ദഗതിയിലായത്.

(ഇ) ഈ പദ്ധതിക്കായി ഏകദേശം 38 കി. മീ. പൈപ്പുകൾ കൊല്ലം നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. സംസ്ക്കരണശാലയ്ക്ക് ആവശ്യമായ 10 ഏക്കർ സ്ഥലത്തിൽ 4.5 ഏക്കർ കൊല്ലം കോർപ്പറേഷന്റെ അധീനതയിലാണ്. ബാക്കിയുള്ള 5.5 ഏക്കർ സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ടി റവന്യൂ അധികൃതർക്ക് അപേക്ഷിച്ചിട്ടുണ്ട്.

കടലാക്രമണ പ്രതിരോധ പ്രവർത്തനത്തിന് ധനസഹായം

34 [3621] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷത്തിൽ സംസ്ഥാനത്ത് കടലാക്രമണ പ്രതിരോധ പ്രവർത്തനത്തിന് കേന്ദ്ര ഗവൺമെന്റിനോട് ധനസഹായം ആവശ്യപ്പെട്ടിരുന്നോ;

(ബി) എങ്കിൽ എന്തു ധനസഹായം ലഭിച്ചു;

(സി) ലഭിച്ചതിൽ എന്തു തുക ചെലവായി; വിശദവിവരങ്ങൾ അടങ്ങുന്ന സ്റ്റേറ്റുമെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ആവശ്യപ്പെട്ടിരുന്നു.

(ബി) സഹായം ഒന്നും ലഭിച്ചില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പൂന്തുറ പൊഴി അഴിയായി വികസിപ്പിക്കൽ

35 [3622] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂന്തുറ പൊഴി അഴിയായി വികസിപ്പിക്കുന്നതു സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സർവ്വേ സംബന്ധിച്ച വിശദാംശങ്ങൾ എന്താണ്;

(ബി) ഇതു സംബന്ധിച്ച എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?



LIBRARY ARCHIVES Kerala Legislative Assembly